## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1758** | **08.06.2018-ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കുള്ള അപേക്ഷകൾ തദ്ദേശസ്ഥാപനങ്ങൾ പരിശോധിച്ച് പാസാക്കിയാലും സോഫ്റ്റ് വെയർ എൻട്രി നടത്താൻ കഴിയാത്തതിനാൽ ഗുണഭോക്താക്കൾക്ക് പെൻഷന് അർഹത ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത സാങ്കേതിക തടസ്സം പരിഹരിക്കുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരായവർക്ക് പെൻഷൻ സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (എ)യും (ബി)യും ഉണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ കാലാനുസൃതമാക്കി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് പുതിയ പെൻഷൻ അപേക്ഷകരുടെ സോഫ്റ്റ് വെയർ എൻട്രി താല്ക്കാലികമായി തടഞ്ഞിട്ടുള്ളത്. നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവര പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക്, അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ രേഖപ്പെടുത്തി അയച്ചാലുടൻ പെൻഷൻ ലഭിച്ച് തുടങ്ങുന്നതാണ്. നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളുടെ ശേഖരണം സമയബന്ധിതമായി നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ